1

# മധ്യകാലലോകം : അധികാരകേന്ദ്രങ്ങൾ

സി. ഇ. അഞ്ചാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ടു വരെയുള്ള കാലത്തെയാണല്ലോ മധ്യകാല ലോകം എന്ന് വിശേഷിപ്പിക്കുന്നത്. ആ കാലത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്ന വ്യത്യസ്തങ്ങളായ അധികാര രൂപങ്ങളെക്കുറിച്ചാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഈ അധികാര രൂപങ്ങളുടെ പൊതുവായ സവിശേഷതകളും വ്യത്യസ്തതകളും ഈ പാഠഭാഗം ചർച്ച ചെയ്യുന്നു. അടുത്ത കാലം വരെ ഇരുണ്ട യുഗമെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന മധ്യകാല ഘട്ടത്തിൽ തിളക്കമാർന്ന പ്രത്യേകതകൾ പല മേഖലകളിലും ദർശിക്കാനാവുന്നുണ്ട് എന്ന ധാരണ കുട്ടികളിലെത്തുന്ന രീതിയിലായിരിക്കണം  പാഠഭാഗം വിനിമയം ചെയ്യേണ്ടത്. മധ്യകാല ലോകത്ത് രൂപപ്പെട്ടു വന്ന വിവിധ ആശയങ്ങളുടെ അടിത്തറയിലാണ് ആധുനികലോകം വളർന്നു വന്നത് എന്ന് കുട്ടികളെ ബോധ്യപ്പെടുത്താൻ പാഠഭാഗത്തിന് കഴിയണം. യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിലെ അധികാരരൂപങ്ങളുടെ സവിശേഷതകൾ പരിശോധിക്കുമ്പോൾ ഭൂപടവായനക്കുള്ള സാധ്യതയും പരമാവധി ഉപയോഗപ്പെടുത്തണം.

# യൂണിറ്റ് ഫ്രെയിം

## 1. മധ്യകാലലോകം : അധികാരകേന്ദ്രങ്ങൾ

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ/പഠനതന്ത്രങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • മധ്യകാല ലോകം – യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിലെ വിവിധ രാഷ്ട്രീയ രൂപങ്ങൾ – സവിശേഷതകൾ.<br>• പൗരസ്ത്യ റോമാ സാമ്രാജ്യം – ഡയോക്ലിഷ്യൻ – കോൺസ്റ്റാന്റിനോപ്പിൾ–ജസ്റ്റീനിയൻ.<br>• വിശുദ്ധ റോമാസാമ്രാജ്യം, ഫ്രാങ്കിഷ് സാമ്രാജ്യം– ഷാലമീൻ – കരോലിൻജിയൻ നവോത്ഥാനം.<br>• ഓട്ടോമൻ സാമ്രാജ്യം – സുലൈമാൻ<br>• അറേബ്യൻ സാമ്രാജ്യം – പ്രവാചകനായ മുഹമ്മദ്–ഖലീഫാ ഭരണം – ഉമവ്വിയ്യ വംശം – അബ്ബാസിയ വംശം – ഹാറൂൺ–അൽ–റഷീദ്.<br>• മംഗോളിയൻ സാമ്രാജ്യം – ചെങ്കിസ്ഖാൻ– ഭരണപരിഷ്കാരങ്ങൾ<br>• മാലി സാമ്രാജ്യം– കങ്കൻമൂസ–തിംബുക്തു<br>• മധ്യകാല ചൈന–ജപ്പാൻ<br>• മധ്യകാല അമേരിക്ക – വടക്കേ അമേരിക്കൻ സംസ്കാരങ്ങൾ – തെക്കേ അമേരിക്കൻ സംസ്കാരങ്ങൾ<br>• ഫ്യൂഡലിസത്തിന്റെ പതനം. | • ലോകഭൂപടത്തിന്റെ സഹായത്തോടെ മധ്യകാല യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്ന പ്രദേശങ്ങളുടെ സ്ഥാനം കണ്ടെത്തുന്നു.<br>• പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ പട്ടികപ്പെടുത്തുന്നു.<br>• ജസ്റ്റീനിയന്റെ നിയമസംഹിതയുടെ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നു.<br>• വിശുദ്ധറോമാ സാമ്രാജ്യത്തിന്റെ സ്ഥാനം ഭൂപടവായനയിലൂടെ കണ്ടെത്തുന്നു.<br>• ഷാലമീന്റെ ഭരണപരിഷ്കാരങ്ങൾ പട്ടികപ്പെടുത്തുന്നു.<br>• ലോകഭൂപടത്തിൽ ഓട്ടോമൻ സാമ്രാജ്യത്തിന്റെ സ്ഥാനം കണ്ടെത്തുന്നു. സുലൈമാന്റെ ഭരണപരിഷ്കാരങ്ങൾ വിശകലനം ചെയ്ത് പട്ടികപ്പെടുത്തുന്നു.<br>• ലോകഭൂപടത്തിൽ അറേബ്യയുടെ സ്ഥാനം കണ്ടെത്തുന്നു.<br>• അറേബ്യയിലെ ഭരണാധികാരികളുടെ വംശാവലി പട്ടികപ്പെടുത്തുന്നു.<br>• ഹാറൂൺ–അൽ–റഷീദിന്റെ ഭരണപരിഷ്കാരങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നു.<br>• ലോകഭൂപടത്തിൽ മംഗോളിയയുടെ സ്ഥാനം കണ്ടെത്തുന്നു.<br>• ചെങ്കിസ്ഖാന്റെ ഭരണത്തിന്റെ പ്രത്യേകതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നു.<br>• ആഫ്രിക്കയുടെ ഭൂപടത്തിൽ മാലി സാമ്രാജ്യത്തിന്റെ സ്ഥാനം കണ്ടെത്തുന്നു.<br>• മാലി സാമ്രാജ്യത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.<br>• ലോകഭൂപടത്തിൽ മധ്യകാല ചൈനയുടെയും ജപ്പാന്റെയും സ്ഥാനം കണ്ടെത്തുന്നു.<br>• മധ്യകാല ചൈനയിലെയും ജപ്പാനിലെയും അധികാരൂപങ്ങളെ താരതമ്യം ചെയ്ത് പട്ടികപ്പെടുത്തുന്നു.<br>• വടക്കേ അമേരിക്കയിലെയും തെക്കെ അമേരിക്കയിലെയും സംസ്കാരങ്ങളെ പട്ടികപ്പെടുത്തുന്നു.<br>• ഫ്യൂഡലിസത്തിന്റെ തകർച്ചക്കിടയാക്കിയ വിവിധ ഘടകങ്ങൾ വിശകലനം ചെയ്ത് പട്ടികപ്പെടുത്തുന്നു. | • സി.ഇ. 5–ാം നൂറ്റാണ്ടു മുതൽ സി.ഇ. 15–ാം നൂറ്റാണ്ടുവരെയുള്ള ലോകത്തിലെ പ്രധാന അധികാരരൂപങ്ങളെ വിശകലനം ചെയ്യുന്നു.<br>• പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ സവിശേഷതകൾ കണ്ടെത്തുന്നു.<br>• മധ്യകാല യൂറോപ്പിലെ രാഷ്ട്രീയരംഗത്ത് ഷാലമീന്റെ വ്യത്യസ്തത തിരിച്ചറിയുന്നു.<br>• മധ്യകാലലോകത്തിന് അറബികൾ നൽകിയ രാഷ്ട്രീയസംഭാവനകൾ തിരിച്ചറിയുന്നു.<br>• ഓട്ടോമൻ സാമ്രാജ്യം രൂപപ്പെടാനുള്ള സാഹചര്യം വിശകലനം ചെയ്യുന്നു.<br>• മംഗോളിയരുടെ പ്രത്യേകതകൾ വിശദമാക്കുന്നു.<br>• മധ്യകാല ആഫ്രിക്കയിലെ അധികാരരൂപങ്ങളെ വിശദമാക്കുന്നു.<br>• മധ്യകാലത്ത് ജപ്പാനിലും ചൈനയിലും നിലനിന്നിരുന്ന അധികാര രൂപങ്ങളെ താരതമ്യം ചെയ്യുന്നു.<br>• മധ്യകാല അമേരിക്കൻ സംസ്കാരങ്ങളുടെ പേരുകൾ പട്ടികപ്പെടുത്തുന്നു.<br>• ഫ്യൂഡലിസത്തിന്റെ തകർച്ചയുടെ കാരണങ്ങൾ കണ്ടെത്തുന്നു. |

# അധ്യായത്തിലേക്ക്...

മധ്യകാല ലോകത്തിന്റെ സവിശേഷതകൾ സൂചിപ്പിക്കുന്ന ജെ.ഡി ബർണലിന്റെ ശാസ്ത്രം ചരിത്രത്തിൽ എന്ന പുസ്തകത്തിൽ നിന്നെടുത്ത വാചകങ്ങളാണ് അധ്യായത്തിന്റെ പ്രവേശികയായി നൽകിയിട്ടുള്ളത്. അതിനെ അടിസ്ഥാനമാക്കി മധ്യകാല ഘട്ടത്തിന്റെ സവിശേഷതകൾ ചർച്ച ചെയ്ത് പാഠഭാഗത്തേക്ക് പ്രവേശിക്കാം. (കുട്ടി ആറാം ക്ലാസിൽ മധ്യകാല ലോകം എന്ന അധ്യായം പരിചയപ്പെട്ടിട്ടുണ്ട്).

മധ്യകാല ലോകത്ത് യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിൽ നിലനിന്നിരുന്ന അധികാരരൂപങ്ങളുടെ സവിശേഷതകളും വ്യത്യസ്തതകളും കുട്ടികളിലെത്തിക്കുന്നതിന് സെമിനാർ ഒരു പഠനതന്ത്രമായി ഉപയോഗപ്പെടുത്താം. 'മധ്യകാല ലോകത്തിലെ അധികാര രൂപങ്ങൾ' എന്ന തലക്കെട്ടിൽ ഒരു സെമിനാർ സംഘടിപ്പിക്കാൻ കുട്ടികളോട് ആവശ്യപ്പെടുക. പാഠഭാഗത്തുള്ള 8 മേഖലകൾ കുട്ടികൾക്ക് വിഭജിച്ച് നൽകണം. പാഠപുസ്തകം, ഇന്റർനെറ്റ്, ലൈബ്രറി എന്നീ സ്രോതസ്സുകൾ വിവരശേഖരണത്തിനായി ഉപയോഗപ്പെടുത്തി സെമിനാർ പ്രബന്ധം ക്ലാസിൽ അവതരിപ്പിക്കണം.

- പൗരസ്ത്യറോമാ സാമ്രാജ്യം
- വിശുദ്ധറോമാ സാമ്രാജ്യം
- അറേബ്യൻ സാമ്രാജ്യം
- ഓട്ടോമൻ സാമ്രാജ്യം
- മംഗോളിയൻ സാമ്രാജ്യം
- മാലി സാമ്രാജ്യം
- ചൈനയും ജപ്പാനും
- മധ്യകാല അമേരിക്ക

### മധ്യകാലഘട്ടം

പശ്ചിമ റോമൻ ചക്രവർത്തിയായ റോമുലസ് അഗസ്റ്റസ് ഹൂണൻമാരുടെ ആക്രമണം കാരണം സ്ഥാനഭ്രഷ്ടനാക്കപ്പെട്ട സി.ഇ 476 മുതൽ പൗരസ്ത്യ റോമൻ ചക്രവർത്തിയായ കോൺസ്റ്റാന്റൈൻ XIമനെ തുർക്കി ഭരണാധികാരിയായ മുഹമ്മദ് II മൻ പരാജയപ്പെടുത്തിയ 1453 വരെയാണ് മധ്യകാലമായി പരിഗണിക്കുന്നത്. അടുത്തകാലം വരെ അന്ധകാരയുഗം, വിശ്വാസങ്ങളുടെ കാലം എന്നൊക്കെയാണ് മധ്യകാലം അറിയപ്പെട്ടിരുന്നത്. മധ്യകാല സമൂഹം ഒരു കാർഷിക സമൂഹമാണ്. ഫ്യൂഡലിസം ഉടലെടുക്കുകയും വികസിക്കുകയും ക്ഷയിക്കുകയും ചെയ്തത് ഈ കാലത്താണ്. ക്രൈസ്തവ, ഇസ്ലാം മതങ്ങൾ സുസ്ഥിരമായി സ്ഥാപിക്കപ്പെട്ട ഇക്കാലത്താണ് പേപ്പർ, കറൻസി, പ്രിന്റിംഗ്, വെടിമരുന്ന്, വടക്കു നോക്കി യന്ത്രം തുടങ്ങിയ കണ്ടുപിടിത്തങ്ങൾ നടന്നതും.

ഓരോ മേഖലയിലും കാണുന്ന സവിശേഷതകൾക്കു വ്യത്യസ്തതകൾക്കും പ്രാധാന്യം നൽകാൻ പ്രത്യേകം ശ്രദ്ധിക്കണം. ഓരോ ഗ്രൂപ്പും ക്ലാസിൽ അവതരിപ്പിക്കുന്ന വിഷയമേഖലകൾ പൊതു ചർച്ചക്ക് വിധേയമാക്കണം. സെമിനാറിന്റെ ഓരോ ഘട്ടത്തിലും അധ്യാപികയുടെ ഇടപെടലുകളും കൈതാങ്ങും കുട്ടികൾക്ക് ഉറപ്പുവരുത്തണം. ഭൂപടവായനയുടെ സാധ്യത ഓരോ മേഖലയിലും ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കണം.

സെമിനാർ പ്രബന്ധത്തിൽ താഴെപ്പറയുന്ന മേഖലകൾ ഉൾക്കൊള്ളിക്കാം.

## പൗരസ്ത്യറോമാ സാമ്രാജ്യം

- റോമാസാമ്രാജ്യത്തിന്റെ വിഭജനം
- കോൺസ്റ്റാന്റിനോപ്പിളിന്റെ പ്രാധാന്യം
- ജസ്റ്റീനിയനും നിയമസംഹിതയും
- പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ തകർച്ച

### ആക്രമണകാരികളായ വിവിധ ജനവിഭാഗങ്ങൾ

| | |
|---|---|
| ഓസ്ട്രഗോത്തുകൾ | - ഇറ്റലി |
| വിസിഗോത്തുകൾ | - സ്പെയിൻ |
| ഫ്രാങ്കുകൾ | - ഗോൾ (ഫ്രാൻസ്) |
| ബർഗുണ്ടികൾ | - ജർമ്മനി |
| ആംഗ്ലോസാക്സൺ | - ബ്രിട്ടൻ |
| വാൻഡലുകൾ | - വടക്കേ ആഫ്രിക്ക |

## വിശുദ്ധറോമാസാമ്രാജ്യം

- ഫ്രാങ്കിഷ് സാമ്രാജ്യത്തിന്റെ രൂപീകരണം
- വിശുദ്ധ റോമാ സാമ്രാജ്യം
- ഷാലമീന്റെ ഭരണപരിഷ്കാരങ്ങൾ
- കരോലിൻജിയൻ നവോത്ഥാനം

### ഫ്രാങ്കിഷ് രാജ്യം

ഫ്രാൻസ്, ജർമ്മനി, ഇറ്റലിയുടെ ഒരു ഭാഗം തുടങ്ങിയ പ്രദേശങ്ങൾ ചേർന്നതായിരുന്നു ഫ്രാങ്കിഷ് രാജ്യം. ഇത് സ്ഥാപിതമായത് സി.ഇ.481 ലാണ്. മെറോവിൻജിയൻ, മേയർ, കരോലിൻജിയൻ തുടങ്ങിയ രാജവംശങ്ങൾ ഫ്രാങ്കിഷ് രാജ്യം ഭരിച്ചു. രാജ്യ സ്ഥാപകനായ ക്ലോവിസ് ഒന്നാമൻ മെറോവിൻജിയൻ രാജവംശത്തിന്റെയും ഷാലമീൻ കരോലിൻജിയൻ രാജവംശത്തിന്റെയും പ്രതിനിധികളായിരുന്നു.

## അറേബ്യൻ സാമ്രാജ്യം

- അറബ് രാഷ്ട്രസ്ഥാപനവും പ്രവാചകനായ മുഹമ്മദും
- ഖലീഫമാരുടെ ഭരണം
- ഉമവിയ്യകളും അബ്ബാസിയകളും
- ഹാറൂൺ - അൽ - റഷീദിന്റെ ഭരണപരിഷ്കാരങ്ങൾ

## ഓട്ടോമൻ സാമ്രാജ്യം

- ഓട്ടോമൻ സാമ്രാജ്യസ്ഥാപനം
- സുലൈമാന്റെ സംഭാവനകൾ

## മംഗോളിയൻ സാമ്രാജ്യം

- മംഗോളിയയുടെ ഭൂമിശാസ്ത്ര സവിശേഷതകൾ
- മംഗോളിയൻ സൈന്യം
- കൊറിയർ സമ്പ്രദായം

## മാലി സാമ്രാജ്യം

- ആഫ്രിക്കയിലെ പ്രസിദ്ധമായ സാമ്രാജ്യം
- കങ്കൻ മൂസ്സയുടെ ഭരണം
- തിംബുക്തു

## ചൈനയും ജപ്പാനും

- മധ്യകാല ചൈനയിലെ രാജവംശങ്ങൾ
- ചൈനയിലെ ഭരണത്തിന്റെ സവിശേഷതകൾ
- മധ്യകാല ജപ്പാൻ
- ഷോഗണുകളുടെ ഭരണം

## മധ്യകാല അമേരിക്ക

- വടക്കേ അമേരിക്കൻ സംസ്കാരങ്ങൾ - മിസിസ്സിപ്പി, കരിബിയൻ, മൊഗല്ലോൻ, പടയൻ

### ജപ്പാൻ

ഹൊക്കൈഡോ (Hokkaido), ഹൊൻഷു (Honshu), ക്യൂഷു (Kyushu), ഷിക്കോക്കു (Shikoku) എന്നീ ദ്വീപുകൾ ഉൾക്കൊള്ളുന്നതാണ് ജപ്പാൻ. നാര, ക്യോട്ടോ എന്നിവയായിരുന്നു ജപ്പാന്റെ ആദ്യകാല തലസ്ഥാനങ്ങൾ. മധ്യകാലത്തെ ജപ്പാനിലും ഭുപ്രഭുത്വം ശക്തമായിരുന്നു. 1897 വരെ ജപ്പാനിൽ ഷോഗൺ ഭരണമാണ് ഉണ്ടായിരുന്നത്. ടോക്കുഗുവ ഷോഗൺമാരാണ് ടോക്കിയോ ഭരണകേന്ദ്രമായി വികസിപ്പിച്ചത്. ഷോഗൺ ഭരണം സാമുറായിമാർ എന്നറിയപ്പെട്ട സൈന്യതലവൻമാരാണ് നിയന്ത്രിച്ചിരുന്നത്. സാമുറായിമാരുടെ പെരുമാറ്റ സംഹിതയാണ് ബുധിദോ (Budhido) ഇക്കേബാന എന്ന പുഷ്പാലങ്കാര രീതി മധ്യകാല ജപ്പാന്റെ പ്രത്യേകതയാണ്. ജപ്പാനിലെ പഴയമതം ഷിന്റോയിസം എന്നറിയപ്പെട്ടു. ഇന്ത്യയിൽ ഉൽഭവിച്ച ബുദ്ധമതം ചൈനയിലൂടെ ജപ്പാനിൽ പ്രചരിച്ചു. ജപ്പാനിലെ ബുദ്ധമതം സെൻ ബുദ്ധമതം എന്നാണ് അറിയപ്പെട്ടത്.

### ചൈന

ടാങ്ങ് രാജവംശമാണ് മധ്യകാലത്തിന്റെ ആദ്യഘട്ടങ്ങളിൽ ചൈന ഭരിച്ചിരുന്നത്. ഇക്കാലത്ത് ശാസ്ത്ര - സാങ്കേതിക മേഖലകളിൽ വലിയ പുരോഗതിയുണ്ടായി. ചൈനയിൽ നിർമിച്ച സിൽക്ക്, പേപ്പർ, പാത്രങ്ങൾ തുടങ്ങിയവക്ക് ലോകത്താകമാനം ഉപഭോക്താക്കളുണ്ടായിരുന്നു. ഏഷ്യ - യൂറോപ്പ് എന്നീ വൻകരകളുമായി ചൈനക്കുണ്ടായിരുന്ന വ്യാപാരബന്ധം സിൽക്ക് റൂട്ട് വഴിയായിരുന്നു. മധ്യകാല ലോകത്ത് പേപ്പർ കറൻസി ഉപയോഗിച്ചവരായിരുന്നു ചൈനക്കാർ. സാധാരണക്കാരും കർഷകരും ഭൂപ്രഭുക്കൻമാരുടെ പീഠനത്തിനിരയായി ദുരിതപൂർണ്ണമായ ജീവിതമാണ് നയിച്ചിരുന്നത്. വെടിമരുന്നും സമുദ്ര യാത്രക്കുപയോഗിക്കുന്ന വടക്കു നോക്കിയന്ത്രവും മധ്യകാല ചൈനയുടെ സാങ്കേതിക മികവിന്റെ മറ്റുദാഹരണമാണ്. ബുദ്ധമതം, കൺഫ്യൂഷൻ മതം, താവോയിസം എന്നിവ ചൈനയിൽ സ്വാധീനമുള്ള വിശ്വാസങ്ങളായിരുന്നു.

- തെക്കേ അമേരിക്കൻ സംസ്കാരങ്ങൾ – മായൻ, ഇൻക, അസ്ടെക്, ടോൾടെക്
- അമേരിക്കയിലെ യൂറോപ്യൻ അധിനിവേശം.

### ക്രോഡീകരണം

- പുരാതനകാലത്തിന്റെ തുടർച്ച തന്നെയാണ് മധ്യകാല ലോകം.
- ഇരുണ്ടയുഗം എന്ന് അടുത്തകാലം വരെ വിശേഷിപ്പിച്ചിരുന്ന മധ്യകാല ലോകത്ത് സവിശേഷമായ അധികാരരൂപങ്ങൾ നിലനിന്നിരുന്നു.
- മധ്യകാല ഘട്ടത്തിലെ അധികാര കേന്ദ്രങ്ങൾക്ക് രാഷ്ട്രീയ ഘടനയിൽ സമാനതകൾ കാണാമെങ്കിലും അധികാര രൂപങ്ങളിൽ വ്യത്യസ്തത നിലനിന്നിരുന്നു.
- നിയമം, രാഷ്ട്രതന്ത്രം, ഭരണപരിഷ്കരണം, തത്വചിന്ത, കല, ശാസ്ത്രം,, സാഹിത്യം തുടങ്ങിയ മേഖലകളിൽ വലിയ പുരോഗതി ഇക്കാലത്തുണ്ടായി.
- മധ്യകാല ലോകത്തിന്റെ ഈ സവിശേഷതകളാണ് ആധുനികലോകത്തിലേക്കുള്ള പ്രയാണത്തിന് ഊർജം പകർന്നത്.

## ഫ്യൂഡലിസത്തിന്റെ പതനം

മധ്യകാല ലോകത്ത് നിലനിന്നിരുന്ന ഫ്യൂഡലിസത്തെക്കുറിച്ചും അതിന്റെ സവിശേഷതകളും കുട്ടികൾ മുൻക്ലാസുകളിൽ മനസ്സിലാക്കിയിട്ടുണ്ട്. ഫ്യൂഡലിസത്തിന്റെ തകർച്ചക്കിടയാക്കിയ വിവിധ ഘടകങ്ങൾ വിശകലനം ചെയ്യുന്നതാണ് പാഠഭാഗം. പാഠഭാഗം പരിശോധിച്ച് ഫ്യൂഡലിസ

ത്തിന്റെ പതനകാരണങ്ങൾ കുട്ടികൾ വിശകലനം ചെയ്ത് പട്ടികപ്പെടുത്തട്ടെ. ശേഷം ചാർട്ട് തയാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കാം.

- കാലാവസ്ഥാ വ്യതിയാനവും കാർഷികോൽപാദനത്തിലെ കുറവും
- ക്ഷാമം
- പ്ലേഗ് പോലുള്ള പകർച്ച വ്യാധികൾ
- കുരിശുയുദ്ധങ്ങൾ
- രാജാക്കന്മാരുടെ വെടിമരുന്നിന്റെ കുത്തക
- കർഷക കലാപങ്ങൾ
- ദേശരാഷ്ട്രങ്ങളുടെ ആവിർഭാവം.

### ബ്യൂബോണിക് പ്ലേഗ്

കറുത്തമരണം എന്ന് വിശേഷിപ്പിക്കുന്ന ഈ പകർച്ചവ്യാധി യൂറോപ്പിലുണ്ടായത് പതിനാലാം നൂറ്റാണ്ടിലാണ്. 1347 ലാണ് ഇതിന്റെ ആരംഭം. ആൾ നാശത്തിന്റെ എണ്ണം കണക്കിലെടുക്കുമ്പോൾ യൂറോപ്യൻ ചരിത്രകാരൻമാർ ഇതിനെ രണ്ടാം ലോകയുദ്ധത്തോടാണ് താരതമ്യം ചെയ്യുന്നത്.

### ഫ്യൂഡൽ കർഷക കലാപങ്ങൾ

എ.ഡി. 1350 നും 1550 നും ഇടയിൽ യൂറോപ്പിൽ നിരവധി കർഷക കലാപങ്ങൾ നടക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവയാണ്

- 1358 ൽ ഗിയോംകെയ്‌ലേയുടെ നേതൃത്വത്തിൽ നടന്ന ഫ്രഞ്ച് ഷാക്ക്റി കലാപം
- 1381 ൽ ഇംഗ്ലണ്ടിൽ വോട്ട് ടൈലർ, ജോൺ ബാൾ എന്നിവരുടെ നേതൃത്വത്തിൽ നടന്ന കലാപം
- 1525 ൽ ജർമ്മനിയിൽ തോമസ്മൂൺസറുടെ നേതൃത്വത്തിൽ നടന്ന കലാപം.

## വിലയിരുത്തൽ ചോദ്യങ്ങൾ

- പൗരസ്ത്യ റോമാ സാമ്രാജ്യം ബൈസാന്റയിൻ സാമ്രാജ്യം എന്നറിയപ്പെടാനുള്ള കാരണം എന്താണ്?
- ജസ്റ്റീനിയൻ ലോകത്തിന് നൽകിയ പ്രധാന സംഭാവനകൾ എന്തെല്ലാം?
- ഷാലമീന്റെ പ്രധാന ഭരണപരിഷ്കാരങ്ങൾ എന്തൊക്കെയായിരുന്നു?
- ഉമവിയ്യ ഭരണത്തിന്റെ പ്രധാന സവിശേഷതകൾ പട്ടികപ്പെടുത്തുക.
- ചെങ്കിസ്ഖാന്റെ സൈന്യത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാം?
- മധ്യകാല ചൈനയിൽ ഉദ്യോഗാർത്ഥികളെ എങ്ങനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്?
- ഷോഗണുകൾ ആരായിരുന്നു?
- അമേരിക്കയിലെ തദ്ദേശവാസികൾക്കുനേരെ യൂറോപ്യർ നടത്തിയ ആക്രമണങ്ങളുടെ വിവരണം തയാറാക്കുക.
- ഫ്യൂഡലിസത്തിന്റെ തകർച്ചക്കുകാരണം കുരിശുയുദ്ധങ്ങളായിരുന്നു. പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.

## തുടർവായനയ്ക്ക്

*The story of civilization - Will Durent*
*Age of Faith - Will Durent*
*Feudal socieity and its culture - Progressive publishers*
*World civilizations their history and culture - Edward Burns*
*Feudal soceity - Mare Bloch*
*History of the Arabs - Hitti. P. K*
*History of the Far East - Cyde ad Beers*
*Economic and Social History of Medieval Europe - Henri Pirenne*
ലോകചരിത്രം - പി.എസ്. വേലായുധൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ശാസ്ത്രം ചരിത്രത്തിൽ - ജെ.ഡി. ബർണൽ

## ടീച്ചറുടെ വിലയിരുത്തൽ

| | പൂർണ മായി | ഭാഗിക മായി | മെച്ചപ്പെ ടുത്തേണ്ടത് |
|---|---|---|---|
| 1. മധ്യകാല ലോകത്തിലെ വിവിധ അധികാര രൂപങ്ങളെ വിശകലനം ചെയ്യാൻ കുട്ടികൾക്ക് കഴിയും. | ☐ | ☐ | ☐ |
| 2. യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നി വിടങ്ങളിൽ നിലനിന്നിരുന്ന അധികാരരൂപങ്ങ ളുടെ പ്രത്യേകതകൾ ഭൂപട വായനയിലൂടെ വിശദീകരിക്കാൻ കുട്ടികൾക്ക് കഴിയും. | ☐ | ☐ | ☐ |
| 3. മധ്യകാല ലോകം ഇരുണ്ട കാലമായിരുന്നി ല്ലെന്ന് വിലയിരുത്താൻ കുട്ടികൾക്ക് കഴിയും | ☐ | ☐ | ☐ |
| 4. പുരാതന കാലത്തിന്റെ തുടർച്ചയായി വന്ന മധ്യകാല ലോകം ആധുനിക ലോകത്തിന്റെ പിറവിക്ക് അടിത്തറയായി എന്ന് കണ്ടെത്താൻ കുട്ടികൾക്ക് കഴിയും. | ☐ | ☐ | ☐ |
| 5. മധ്യകാല ലോകത്തെ അധികാര രൂപങ്ങളുടെ സമാനതകളും വ്യത്യസ്തതകളും പട്ടികപ്പെടു ത്താൻ കുട്ടികൾക്ക് കഴിയും. | ☐ | ☐ | ☐ |
| 6. ലോകചരിത്രത്തിൽ മധ്യകാല ഭരണാധികാരി കളുടെ ഭരണപരിഷ്കാരങ്ങൾ മികവുറ്റതായി രുന്നു എന്ന് വിലയിരുത്താൻ കുട്ടികൾക്ക് കഴി യും. | ☐ | ☐ | ☐ |

# 2

# കിഴക്കും പടിഞ്ഞാറും : വിനിമയങ്ങളുടെ കാലഘട്ടം

മധ്യകാല ഘട്ടത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിന്നിരുന്ന സാമ്രാജ്യങ്ങളെയും ആ കാലഘട്ടത്തിലെ ഭരണരീതിയും മുൻ അധ്യായത്തിൽ കണ്ടു കഴിഞ്ഞു.

ഈ പാഠഭാഗത്തു പരാമർശിക്കുന്നത് മധ്യകാല ഘട്ടത്തിലെ വാണിജ്യ, സാംസ്കാരിക വിനിമയങ്ങളെക്കുറിച്ചും അതുമൂലം ഉണ്ടായ മാറ്റങ്ങളെക്കുറിച്ചുമാണ്. വാണിജ്യപാതകൾ, വാണിജ്യകേന്ദ്രങ്ങൾ, പട്ടണങ്ങൾ, പുതിയ നഗരങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും കാരണമായ ഘടകങ്ങൾ എന്നിവ വിശകലനം ചെയ്യുന്നതിലൂടെ മധ്യകാലഘട്ടത്തിന്റെ സവിശേഷതകൾ ഗ്രഹിക്കുവാൻ പഠിതാവിനു കഴിയണം. പ്രാഥമിക തലം മുതൽ സർവകലാശാലകൾ വരെയുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിലൂടെ പടിഞ്ഞാറും കിഴക്കും നിലനിന്നിരുന്ന വിദ്യാഭ്യാസത്തെക്കുറിച്ച് പഠിതാവ് ധാരണ നേടണം. വൈജ്ഞാനിക രംഗത്തിന് പൗരസ്ത്യ ദേശങ്ങളുടടെ സംഭാവന അതുമായിരുന്നുവെന്ന മനോഭാവം കുട്ടികളിൽ രൂപപ്പെടുന്ന തരത്തിലാകണം ഈ പാഠഭാഗം വിനിമയം ചെയ്യേണ്ടത്. പൊതുവെ ഇരുണ്ട കാലഘട്ടം എന്ന് യൂറോപ്യൻ ചരിത്രകാരന്മാർ വിശേഷിപ്പിച്ചിരുന്ന ഈ കാലഘട്ടം ഇരുണ്ടതല്ലായിരുന്നുവെന്നും ആധുനികകാലത്തെ നവോത്ഥാനത്തിനും മാറ്റങ്ങൾക്കുമെല്ലാം കാരണമായതും മധ്യകാലഘട്ടത്തിലെ വൈജ്ഞാനിക പുരോഗതിയുടെ ഫലമായിരുന്നു എന്ന തിരിച്ചറിവ് പഠിതാവിനുണ്ടാകുന്ന തരത്തിലാകണം ഈ പാഠഭാഗം വിനിമയം ചെയ്യേണ്ടത്.

## യൂണിറ്റ് ഫ്രെയിം

## 2. കിഴക്കും പടിഞ്ഞാറും : വിനിമയങ്ങളുടെ കാലഘട്ടം

| ആശയങ്ങൾ/ധാരണകൾ | പഠനപ്രവർത്തനങ്ങൾ/പഠനതന്ത്രങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| **വാണിജ്യം**<br>• വാണിജ്യപാതകൾ<br>• കച്ചവടകേന്ദ്രങ്ങൾ<br>• നഗരങ്ങളുടെ രൂപീകരണം<br>• ഗിൽഡുകൾ<br><br>**സംസ്കാരം**<br>• വിദ്യാഭ്യാസം<br>• സർവകലാശാലകൾ<br>• സാംസ്കാരിക വിനിമയം<br>• കല<br>• സാഹിത്യം<br>• സംഗീതം<br>• ശാസ്ത്രം | • ഭൂപടം നിരീക്ഷിച്ച് വാണിജ്യപാതകൾ കണ്ടെത്തി സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.<br>• ഭൂപടം നിരീക്ഷിച്ച് യൂറോപ്പിലെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു. നഗരങ്ങളും നദികളും പട്ടികപൂർത്തിയാക്കുന്നു.<br>• മധ്യേഷ്യയിലെ പ്രധാനനഗരങ്ങൾ പട്ടികപ്പെടുത്തുന്നു.<br>• നഗരങ്ങളുടെ സവിശേഷതകൾ വായനാകുറിപ്പ് തയാറാക്കുന്നു.<br>• ഗിൽഡുകളുടെ സവിശേഷതകൾ ചർച്ചാകുറിപ്പ് തയാറാക്കുന്നു.<br>• മധ്യകാല യൂറോപ്പിലെ സ്കൂളുകളുടെ പ്രവർത്തനത്തെക്കുറിച്ച് ചർച്ചാ കുറിപ്പ് തയാറാക്കുന്നു.<br>• മധ്യകാല സമൂഹത്തിന്റെ പുരോഗതിയിൽ വിദ്യാഭ്യാസം വഹിച്ച പങ്ക് കുറിപ്പ് തയാറാക്കുന്നു.<br>• കിഴക്കിന്റെയും പടിഞ്ഞാറിന്റെയും സമന്വയത്തിന് ഉദാഹരണമാണ് മധ്യകാലത്തിലെ കലയും സാഹിത്യവും-ചർച്ചാകുറിപ്പ് തയാറാക്കുന്നു.<br>• മധ്യകാല ലോകത്തിൽ വിദ്യാഭ്യാസശാസ്ത്രപുരോഗതിയാണ് ആധുനികയുഗത്തിന്റെ ആരംഭത്തിനു കാരണം-സംവാദം | • കിഴക്കിനെയും പടിഞ്ഞാറിനെയും ബന്ധിപ്പിച്ചിരുന്ന വാണിജ്യ പാതകളും വാണിജ്യബന്ധവും തിരിച്ചറിയുന്നു.<br>• മധ്യകാലഘട്ടത്തിലെ വാണിജ്യകേന്ദ്രങ്ങളും നഗരങ്ങളും പട്ടികപ്പെടുത്തുന്നു.<br>• മധ്യകാലലോകത്ത് വാണിജ്യത്തിനുണ്ടായിരുന്ന പ്രാധാന്യം വിശദമാക്കുന്നു.<br>• യൂറോപ്പിൽ നിലനിന്നിരുന്ന ഗിൽഡ് സമ്പ്രദായത്തിന്റെ പ്രത്യേകതകൾ വിശദമാക്കുന്നു.<br>• യൂറോപ്പ്, മധ്യേഷ്യ, ചൈന എന്നിവിടങ്ങളിൽ ശാസ്ത്ര-വിദ്യാഭ്യാസ മേഖലകൾ കൈവരിച്ച പുരോഗതി വിശകലനം ചെയ്യുന്നു.<br>• മധ്യകാലഘട്ടത്തിൽ വിവിധ മേഖകളിൽ അറബികൾ നൽകിയ സംഭാവനകൾ വിലയിരുത്തുന്നു.<br>• മധ്യകാലഘട്ടത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കലാരംഗത്തുണ്ടായ മാറ്റങ്ങൾ അപഗ്രഥിക്കുന്നു. |

പ്രശസ്ത ലോകസഞ്ചാരിയായിരുന്ന മാർക്കോപോളയുടെ സഞ്ചാരക്കുറിപ്പിൽ നിന്നും എടുത്തിട്ടുള്ള ഒരു ഭാഗമാണ് പ്രവേശികയായി നൽകിയിരിക്കുന്നത്. മധ്യകാലഘട്ടത്തിൽ വിദൂരദേശങ്ങളിലേക്കുള്ള യാത്ര എത്ര ദുഷ്കരമായിരുന്നുവെന്ന് മനസിലാക്കുന്നതിനു വേണ്ടി മാർക്കോപോളോയുടെ സഞ്ചാരക്കുറിപ്പ് വായിക്കുവാൻ ആവശ്യപ്പെടാം. ഇതേരീതിയിൽ പല സാഹസികരും നടത്തിയ സഞ്ചാരത്തെക്കുറിച്ചുള്ള വീഡിയോകൾ കാണിക്കാവുന്നതാണ്. അഭിലാഷ് ടോമിയുടെ സാഹസിക യാത്ര സംബന്ധിച്ച വീഡിയോകളും കാണിക്കാവുന്നതാണ്.

തുടർന്ന് പാഠപുസ്തകം പേജ് 24 നൽകിയിരിക്കുന്ന ഭൂപടം വ്യക്തിപരമായി നിരീക്ഷിച്ച് കണ്ടെത്തലുകൾ രേഖപ്പെടുത്തട്ടെ. ഏതാനും പേർക്ക് അവതരിപ്പിക്കുവാൻ അവസരം നൽകിയതിനുശേഷം ചുവടെ നൽകിയിരിക്കുന്ന രീതിയിൽ ക്രോഡീകരിക്കാവുന്നതാണ്.

ഏഷ്യയുടെ കിഴക്കുമുതൽ യൂറോപ്പു വരെ നീണ്ട കിടന്നിരുന്ന രണ്ടു പാതകളാണ് പട്ടുതുണിപ്പാതയും, സുഗന്ധവ്യഞ്ജനപാതയും അനേകം കച്ചവടകേന്ദ്രങ്ങളിലൂടെ ഇവ കടന്നുപോയിരുന്നു. പ്രധാനപാതകൾ കൂടാതെ മറ്റു ചില പാതകൾ കൂടി ഉണ്ടായിരുന്നു. കിഴക്കിനെയും പടിഞ്ഞാറിനെയും ബന്ധിപ്പിക്കുന്നതിൽ ഒരു സുപ്രധാന പങ്ക് ഈ പാതകൾ വഹിച്ചിരുന്നു.

തുടർന്ന് ഭൂപടം നിരീക്ഷിച്ച് അക്കാലത്തെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ പട്ടികപ്പെടുത്തുവാൻ ആവശ്യപ്പെടുക. അറ്റ്ലസ് അല്ലെങ്കിൽ ഐ.സി.റ്റി സാധ്യത ഉപയോഗിച്ച് ഈ നഗരങ്ങളെക്കുറിച്ച് കൂടുതൽ വിവരശേഖരണം നടത്തുവാൻ പഠനമികവുള്ള കുട്ടികളോട് ആവശ്യപ്പെടാവുന്നതാണ്.

## മധ്യകാല ലോകത്തെ നഗരങ്ങൾ

മധ്യകാല ലോകത്തു പ്രാചീനനഗരങ്ങൾ സജീവമാകാനും, പുതിയ നഗരങ്ങൾ രൂപം കൊള്ളാനും ഇടയായ സാഹചര്യമാണ് വിശകലനം ചെയ്യുന്നത്. മധ്യകാലഘട്ടത്തിന്റെ സവിശേഷതയായിരുന്ന ഫ്യൂഡൽ വ്യവസ്ഥയിൽ നഗരങ്ങൾക്ക് വലിയ പ്രാധാന്യം ഒന്നുമില്ലായിരുന്നുവെങ്കിലും വാണിജ്യത്തിന്റെ വളർച്ച പുതിയ നഗരങ്ങളുടെ വളർച്ചയ്ക്ക് കാരണമായിത്തീർന്നു എന്ന വസ്തുത പഠിതാവിനു ബോധ്യമാകേണ്ടതുണ്ട്. തുടർന്ന് പാഠപുസ്തകം പേജ് 26, 27 വ്യക്തിഗതമായി വായിക്കുവാൻ ആവശ്യപ്പെടുക. അതിനുശേഷം നഗരങ്ങളുടെ രൂപീകരണവും യൂറോപ്യൻ നഗരങ്ങളുടെ സവിശേഷതകളെയും പറ്റി കുറിപ്പു തയാറാക്കി അവതരിപ്പിക്കട്ടെ. നഗരങ്ങളുടെ രൂപീകരണത്തിനും വളർച്ചയും ഇടയാക്കിയത് വാണിജ്യത്തിന്റെ വളർച്ചയാണ് എന്ന ധാരണ പഠിതാവിന് നേടി എന്നുറപ്പാക്കി ചർച്ച ക്രോഡീകരിക്കാവുന്നതാണ്. തുടർന്ന് അറ്റ്ലസിന്റെ സഹായിത്തോടുകൂടി പാഠപുസ്തകത്തിൽ തന്നിട്ടുള്ള പട്ടിക ചുവടെ നൽകിയിരിക്കുന്ന രീതിയിൽ പൂർത്തിയാക്കാൻ ആവശ്യപ്പെടാം. അറ്റ്ലസ്, ഐ.സി.ടി സാധ്യതകൾ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

| നഗരം | നദി |
|---|---|
| ലണ്ടൻ | തെംസ് (Thames) |
| പാരീസ് | സീൻ (Seine) |
| റോം | ടിബർ (Tiber) |
| വിയന്ന | ഡാന്യൂബ് (Danube) |

## കിഴക്കൻ നഗരങ്ങൾ

മധ്യകാല ലോകത്ത് യൂറോപ്പിനേക്കാൾ പുരോഗതി കൈവരിച്ചിരുന്നത് കിഴക്കൻ നഗരങ്ങളായിരുന്നു എന്ന വസ്തുത ഈ പാഠഭാഗം വിനിമയം ചെയ്യുന്നതിലൂടെ പഠിതാവിന് ബോധ്യമാകേണ്ടതുണ്ട്.

പാഠപുസ്തകം പേജ് 24 ലെ ഭൂപടം നിരീക്ഷിച്ച് കിഴക്കൻ നഗരങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുക. അതിനുശേഷം പാഠപുസ്തകം 27, 28 വ്യക്തിഗതമായി വായിച്ച് മറ്റു കിഴക്കൻ നഗരങ്ങൾ കണ്ടെത്തുവാൻ ആവശ്യപ്പെടുക. ഏതാനും കുട്ടികൾക്ക് തങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിച്ചതിനുശേഷം കിഴക്കൻ നഗരങ്ങളായ ബാഗ്ദാദ്, ദമാസ്കസ്, മക്ക, ഏദൻ, ഈസ്താംബൂൾ, ബസറ, മസ്കറ്റ്, കോഴിക്കോട്, സൂറത്ത് തുടങ്ങിയ നഗരങ്ങളും പുരോഗതി കൈവരിച്ചിരുന്നു എന്ന് ക്രോഡീകരിക്കാവുന്നതാണ്.

## ഗിൽഡുകൾ

മധ്യകാലഘട്ടത്തിന്റെ സവിശേഷതയായിരുന്ന ഗിൽഡുകൾ രൂപംകൊള്ളാനിടയായ സാഹചര്യവും ഗിൽഡുകളുടെ ഘടനയും ലക്ഷ്യങ്ങളുമാണ് ഈ ഭാഗത്തു വിശകലനം ചെയ്യുന്നത്. ഗിൽഡുകളുടെ സവിശേഷതകൾ ചർച്ചാകുറിപ്പ് തയാറാക്കൽ.

കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചതിനുശേഷം പാഠപുസ്തകം പേജ് 28, 29 വ്യക്തിഗതമായി വായിച്ച് ഗ്രൂപ്പിൽ ചർച്ച ചെയ്യുവാൻ ആവശ്യപ്പെടുക. അധികവിവരശേഖരണത്തിനായി ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതാണ്. *www.britianica.com guilds, youtube medieval guilds Mr.Zoller's socialstudies podcast* ഇവ പ്രയോജനപ്പെടുത്താവുന്നതാണ്. ഗ്രൂപ്പുകൾ തയാറാക്കുന്ന കുറിപ്പുകൾ ക്ലാസിൽ അവതരിപ്പിച്ചതിനുശേഷം ചുവടെ പറയുന്ന രീതിയിൽ ക്രോഡീകരിക്കാവുന്നതാണ്.

വിവിധ തൊഴിൽ മേഖലയിലെ വിദഗ്ധരുടെ സംഘടനയായിരുന്ന ഗിൽഡുകൾ. ഉയർന്ന നികുതിക്കും ചൂഷണത്തിനുമെതിരെ നിലകൊള്ളുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ടവയാണ്. ഇത്തരം ഗിൽഡുകൾ ഉൽപാദനത്തെനിയന്ത്രിക്കുകയും പരസ്പര സഹകരണം വളർത്തുകയും ചെയ്തിരുന്നു. പട്ടണങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് നഗരാന്തര ലീഗുകളും രൂപംകൊണ്ടിരുന്നു. വ്യാപാര ഗിൽഡുകൾപോലെ തന്നെ കരകൗശല ഗിൽഡുകളും ഉണ്ടായിരുന്നു. വ്യവസായവൽക്കരണവും ശാസ്ത്രസാങ്കേതിക രംഗത്തെ വളർച്ച എന്നിവ ഗിൽഡു സമ്പ്രദായത്തിന്റെ അധഃപതനതിനു കാരണമായി.

## മധ്യകാല വിദ്യാഭ്യാസം

മധ്യകാല ലോകത്തു യൂറോപ്പിൽ പ്രാഥമിക തലത്തിലും ഉന്നതതലത്തിലും നിലനിന്നിരുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ചിത്രീകരണമാണ് പാഠഭാഗത്തിന്റെ പ്രവേശികയായി നൽകിയിരിക്കുന്നത്. കുട്ടികൾ ഈ ചിത്രങ്ങൾ നിരീക്ഷിക്കുന്നതിലൂടെ ആധുനിക വിദ്യാഭ്യാസരീതിയിൽ നിന്നും ഉള്ള വ്യത്യാസങ്ങൾ മനസ്സിലാക്കുവാൻ കഴിയും.

**മധ്യകാല വിദ്യാഭ്യാസം – ചർച്ച**

പാഠപുസ്തകം പേജ് 30 വായിച്ചതിനുശേഷം കുട്ടികളോട് വ്യക്തിഗതമായി കുറിപ്പുകൾ തയാറാക്കുവാൻ ആവശ്യപ്പെടുക. കുട്ടികൾ തയാറാക്കുന്ന കുറിപ്പുകളിൽ ഏതാനും ചിലത് ക്ലാസിൽ അവതരിപ്പിക്കട്ടെ. വേണ്ടത്ര മെച്ചപ്പെടുത്തലോടുകൂടി ചുവടെ നൽകിയിരിക്കുന്ന രീതിയിൽ ക്രോഡീകരിക്കാവുന്നതാണ്.

മധ്യകാലത്ത് വിദ്യാഭ്യാസരംഗത്ത് പുരോ

ഗതി കൈവരിച്ചിരുന്നു. അടിസ്ഥാനവിദ്യാഭ്യാസം പോലെ തന്നെ ഉന്നതവിദ്യാഭ്യാസമേഖലയിലും പുരോഗതി കൈവരിച്ചിരുന്നു. വിവിധതരം വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്ന യൂറോപ്യൻ വിദ്യാഭ്യാസത്തിൽ സ്ത്രീകൾക്ക് അവസരം കുറവായിരുന്നു. യൂറോപ്പിലേതുപോലെ തന്നെ കിഴക്കൻ പ്രദേശങ്ങളിലും വിദ്യാഭ്യാസത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിരുന്നു. അറബിലോകത്ത് സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിന് അവസരം ഉണ്ടായിരുന്നു.

മധ്യകാല സമൂഹത്തിന്റെ പുരോഗതിയിൽ വിദ്യാഭ്യാസം വഹിച്ച പങ്ക് ചർച്ച - കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചതിനുശേഷം പാഠപുസ്തകം പേജ് 30, 31, 32, വായിക്കുവാൻ ആവശ്യപ്പെടുക. ഗ്രൂപ്പുകൾ തയ്യാറാക്കുന്ന കുറിപ്പുകൾ മെച്ചപ്പെടുത്തലുകളോടെ ഇങ്ങിനെ ക്രോഡീകരിക്കാവുന്നതാണ്. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ മധ്യകാലത്ത് അനേകം ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങൾ ഉയർന്നുവന്നു. വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്ന ഈ വിദ്യാകേന്ദ്രങ്ങൾ വിജ്ഞാനത്തോടൊപ്പം സാമൂഹ്യ പുരോഗതിയും നന്മയും ലക്ഷ്യമിട്ടിരുന്നു.

## കലയും സാഹിത്യവും

മധ്യകാലലോകത്തെ കല, സാഹിത്യം, വാസ്തുവിദ്യ, സംഗീതം ചിത്രകല ഇവയെ കുറിച്ചാണ് ഈ ഭാഗത്ത് പ്രതിപാദിക്കുന്നത്. മധ്യകാല ലോകത്തെ കിഴക്കിന്റേയും പടിഞ്ഞാറിന്റേയും സമന്വയത്തിന് കലാസാഹിത്യ മേഖലകൾ ഗണ്യമായ സംഭാവനകൾ നൽകി എന്ന് പഠിതാവിന് ഈ പാഠഭാഗം വിനിമയം ചെയ്യുന്നതിലൂടെ ബോധ്യപ്പെടേണ്ടതുണ്ട്. കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പും ചുവടെ നൽകിയിരിക്കുന്ന രീതിയിൽ ഓരോ മേഖലകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുവാൻ ആവശ്യപ്പെടുക.

ഗ്രൂപ്പ് - 1 - വാസ്തുശില്പം
ഗ്രൂപ്പ് - 2 - സാഹിത്യകൃതികൾ സാഹിത്യകാരന്മാർ
ഗ്രൂപ്പ് - 3 - സംഗീതം, ചിത്രകല

പാഠപുസ്തകം പേജ് 32, 33, 34 വ്യക്തിഗതമായി വായിച്ച് തങ്ങൾക്ക് നൽകിയിട്ടുള്ള മേഖലകളെ കുറിച്ച് ഗ്രൂപ്പിൽ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുവാൻ ആവശ്യപ്പെടുക. ഗ്രൂപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്ന കുറിപ്പുകൾ വേണ്ടത്ര മെച്ചപ്പെടുത്തലോടുകൂടി ക്രോഡീകരിക്കാവുന്നതാണ്.

മധ്യകാലലോകത്തിലെ വിദ്യാഭ്യാസ - ശാസ്ത്ര പുരോഗതിയാണ് ആധുനിക യുഗത്തിന്റെ ആരംഭത്തിന് കാരണമായത് എന്ന് പഠിതാവിൽ അവബോധം സൃഷ്ടിക്കുന്ന രീതിയിൽ വേണം സംവാദം സംഘടിപ്പിക്കേണ്ടത്. സംവാദത്തിനായി ഒരു കുട്ടിയെ മോഡറേറ്ററായി തിരഞ്ഞെടുക്കുക. അനുകൂലവും പ്രതികൂലവുമായ വാദഗതികൾ ഉന്നയിക്കുന്നതിനായി മൂന്നു കുട്ടികളെ വീതം ചുമതലപ്പെടുത്തുക. അധിക വായനയ്ക്കായി ഈ യൂണിറ്റിന്റെ അവസാനം നൽകിയിരിക്കുന്ന ഭാഗങ്ങൾ നൽകാവുന്നതാണ്. സംവാദത്തിനു ഏകദേശം പതിനഞ്ചു മിനിറ്റ് മതിയാകും. സംവാദത്തിനു ശേഷം മധ്യകാല ലോകം ഇരുണ്ടകാലഘട്ടമല്ല. മറിച്ച് അത് ആധുനിക യുഗത്തിന്റെ ആരംഭത്തിനു കാരണമായ പല വിലപ്പെട്ട സംഭാവനകൾ നൽകി എന്ന വസ്തുതയിൽ വ്യക്തത വരുത്തി ക്രോഡീകരിക്കാവുന്നതാണ്.

## വിലയിരുത്തൽ ചോദ്യങ്ങൾ

- പ്രധാനമായും കരമാർഗ്ഗമുണ്ടായിരുന്ന വാണിജ്യപാത ഏതുപേരിലാണ് അറിയപ്പെട്ടിരുന്നത്?
- സമുദ്രപാതയുടെ പേര് എന്ത്?
- സമുദ്രപാത കടന്നുപോകുന്ന പ്രധാന ഇന്ത്യൻ തുറമുഖങ്ങൾ ഏതെല്ലാം?
- മധ്യകാലഗിൽഡുകളുടെ രൂപീകരണത്തിന്റെ ലക്ഷ്യം എന്തായിരുന്നു?
- മധ്യകാലലോകത്തെ പ്രശസ്തമായ സർവ്വകലാശാലകളുടെ പട്ടിക തയ്യാറാക്കുക.
- മധ്യകാലലോകത്തെ സാഹിത്യ രംഗത്തെ കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.
- മധ്യകാലലോകത്തെ സംഗീതത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

## തുടർവായനയ്ക്ക്

*ലോകചരിത്രം ഭാഗം – 1 – ഇ. ശ്രീധരൻ*
*ലോകചരിത്രം ഭാഗം – 2 – ഇ. ശ്രീധരൻ*
*സ്ട്രാറ്റിഫൈഡ് സൊസൈറ്റീസ്*
*മിഡിവൽ വേൾഡ് – പ്രൊ. ടി.കെ.ഗംഗാധരൻ*
*ലോകസംസ്കാരം മധ്യകാലഘട്ടത്തിൽ – പ്രൊ. ടി.കെ.ഗംഗാധരൻ*
*Europe - As Cultural History - Peter Ristbergen*
*Cities in the Pre modern Islamic world - Edited by Amera .K. Benson, Alison. L. Gascoigne*

## ടീച്ചറുടെ വിലയിരുത്തൽ

| | പൂർണ്ണമായി | ഭാഗികമായി | മെച്ചപ്പെടുത്തേണ്ടത് |
|---|---|---|---|
| 1. കിഴക്കിനെയും പടിഞ്ഞാറിനേയും ബന്ധിപ്പിച്ചിരുന്ന വാണിജ്യപാതകളും വാണിജ്യബന്ധവും തിരിച്ചറിയാൻ കഴിഞ്ഞു. | ☐ | ☐ | ☐ |
| 2. മധ്യകാലഘട്ടത്തിലെ വാണിജ്യകേന്ദ്രങ്ങളും നഗരങ്ങളും പട്ടികപ്പെടുത്തുവാൻ കഴിഞ്ഞു. | ☐ | ☐ | ☐ |
| 3. മധ്യകാലലോകത്ത് വാണിജ്യത്തിനുണ്ടായ പ്രാധാന്യം വിശദമാക്കുവാൻ കഴിഞ്ഞു. | ☐ | ☐ | ☐ |
| 4. യൂറോപ്പിൽ നിലനിന്നിരുന്ന ഗിൽഡ്സ് സമ്പ്രദായത്തിന്റെ പ്രത്യേകതകൾ വിശദമാക്കുന്നു. | ☐ | ☐ | ☐ |
| 5. യൂറോപ്പ്, മധേഷ്യ, ചൈന എന്നിവിടങ്ങളിൽ ശാസ്ത്ര, വിദ്യാഭ്യാസ മേഖലകളിൽ അറബികൾ നൽകിയ സംഭാവനകൾ വിലയിരുത്തുന്നു. | ☐ | ☐ | ☐ |
| 6. മധ്യകാലലോകത്തിന്റെ വിവിധഭാഗങ്ങളിൽ കലാരംഗത്തുണ്ടായ മാറ്റങ്ങൾ അപഗ്രഥിക്കുവാൻ കഴിഞ്ഞു. | ☐ | ☐ | ☐ |